(സി) പി. കെ. കാളൻ സ്മാരക നിർമ്മാണത്തിനായി 2010-11 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ 15,00,000 രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. മേൽ തുക അനുവദിച്ചു നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ഡി) സ്മാരക നിർമ്മാണം 2011-12 സാമ്പത്തിക വർഷം പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

അനുഷ്ഠാന കലകൾ സംബന്ധിച്ച് ആധികാരിക രേഖ

116(805) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള അനുഷ്ഠാനകലകൾ സംബന്ധിച്ച് ആധികാരിക രേഖ നിലവിലുണ്ടോ ; എങ്കിൽ ആയത് ലഭ്യമാക്കാമോ ;

(ബി) ഇല്ലെങ്കിൽ സംസ്ഥാനത്തിന്റെ അനുഷ്ഠാനകലകൾ സംബന്ധിച്ച് ആധികാരിക രേഖ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) സംസ്ഥാനത്തെ അനുഷ്ഠാനകലകൾ സംബന്ധിച്ച് സർക്കാരോ സർക്കാർസഹായ ഏജൻസികളോ നടത്തിയിട്ടുള്ള പഠനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ :

(ഡി) അനുഷ്ഠാനകലകളുമായി ബന്ധപ്പെട്ട കലാകാരന്മാർക്ക് നിലവിലുള്ള ക്ഷേമനിധികളുടെ വിശദാംശം ലഭ്യമാക്കുമോ ;

(ഇ) അനുഷ്ഠാനകലകളുമായി ബന്ധപ്പെട്ട കലാകാരന്മാർക്ക് പുതിയതായി ക്ഷേമനിധി ഏർപ്പെടുത്തുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) അനുഷ്ഠാനകലകൾ ഉൾപ്പെടെ കേരളത്തിലെ നാടൻ കലകളെക്കുറിച്ച് പഠിച്ച് ഒരു ആധികാരിക രേഖ (എൻസൈക്ലോപീഡിയ) തയ്യാറാക്കുന്നതിനുള്ള പ്രവർത്തനം കേരള ഫോക്‌ലോർ അക്കാഡമിയിൽ പുരോഗമിച്ചുവരുന്നു.

(ഡി&ഇ) അനുഷ്ഠാനകലകൾ ഉപാസിക്കുന്നവർക്കും മറ്റ് കലാ സാഹിത്യ സിനിമാ രംഗത്തുള്ള സാംസ്കാരിക പ്രവർത്തകർക്കും പെൻഷൻ ഉൾപ്പെടെയുള്ള സഹായം നൽകുന്നതിനായി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിന് ആവശ്യമായ നിയമനിർമ്മാണം നടത്തിക്കഴിഞ്ഞു. ക്ഷേമനിധിയുടെ പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly